(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും വിമാനയാത്രാക്കൂലിയിനത്തിൽ എത്രതുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും എത്ര തവണ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും അത് ഏതൊക്കെ രാജ്യങ്ങളിലായിരുന്നു വെന്നും അറിയിക്കാമോ?

ഉത്തരം

(എ) ലാന്റ് ഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. യാത്രാപ്പടി ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. അതിഥി സൽക്കാരം സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.†

(ബി) റീഇംബേഴ്സ്മെന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.†

(സി) വിമാന യാത്രാക്കൂലിയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം V ആയി ചേർത്തിട്ടുണ്ട്†. പ്രസ്തുത കാലയളവിൽ നടത്തിയ വിദേശയാത്ര സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

മന്ത്രിമാരുടെ വിദേശയാത്ര

82 [22] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*
" *ടി. എം. ജേക്കബ്:*
" *ആർ. ബാലകൃഷ്ണപിള്ള:*
" *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയടക്കം എത്ര മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും, അവർ ആരെല്ലാമെന്നും അറിയിക്കുമോ;

(ബി) അവർ സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാം;

(സി) മന്ത്രിമാർ വിദേശയാത്ര നടത്തുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും പ്രധാനമന്ത്രിയുടെ ക്ലിയറൻസും വാങ്ങണമെന്നുള്ള നിബന്ധന പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ഔദ്യോഗികമായും, സ്വകാര്യമായും വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിന് മന്ത്രിമാർ പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ വിദേശയാത്രയിനത്തിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയടക്കം 15 മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 1-ൽ കാണുക†.

(ബി) അനുബന്ധം 1-ൽ†.

(സി) ഭക്ഷ്യപൊതു വിതരണ മന്ത്രിയുടെ 21-4-2005 മുതൽ 29-4-2005 വരെയുള്ള ബഹ്റിൻ, കുവൈറ്റ് പര്യടനങ്ങൾക്ക് അനുമതിക്കായി അഭ്യർത്ഥിച്ചിരുന്നെങ്കിലും കേന്ദ്രസർക്കാരിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. മറ്റുള്ള മന്ത്രിമാരുടെയെല്ലാം വിദേശ പര്യടനങ്ങൾക്ക് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) ഔദ്യോഗികമായും, സ്വകാര്യമായും വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിന് സംസ്ഥാന മന്ത്രിമാർ കേന്ദ്ര കാബിനറ്റ് സെക്രട്ടേറിയറ്റിന്റെ സർക്കുലർ 21/1/1/81-Cab തീയതി 16-8-1982-ൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇതിന്റെ പകർപ്പ് അനുബന്ധം 'സി' യിൽ കൊടുത്തിട്ടുണ്ട്.†

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിന്റെ പരിധി ഉയർത്താൻ നടപടി

83 [24] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് 15,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ കുറവുള്ള രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സയ്ക്കായി പരമാവധി 5000 രൂപ വരെ സഹായധനം അനുവദിക്കാറുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly